## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T. 3510 — 14.10.2011 ൽ മറുപടിക്ക്

### ആധാർ പദ്ധതി രജിസ്ട്രേഷൻ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. കെ. രാജു
ശ്രീ. വി. ശശി
ശ്രീമതി. ഗീതാ ഗോപി

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ആധാർ പദ്ധതി രജിസ്ട്രേഷൻ സംബന്ധിച്ചുണ്ടായിരിക്കുന്ന ആശയക്കുഴപ്പം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) രജിസ്ട്രേഷന്റെ വിവര ശേഖരണത്തിന് വ്യത്യസ്തമായ ചോദ്യാവലി വിവിധ ഭാഗങ്ങളിൽ നൽകുന്നത് ഭാവിയിൽ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) ഇല്ല. സംസ്ഥാന സർക്കാരിനെ കൂടാതെ കേരളത്തിൽ ആധാർ പദ്ധതി നടപ്പിലാക്കുന്നതിന് എസ്.ബി.ടി, എസ്.ബി.ഐ, കാനറാ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, പോസ്റ്റൽ സർവ്വീസ് ഇടങ്ങിയ വ്യത്യസ്ത രജിസ്ട്രാർമാരെ കേന്ദ്ര ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർക്കനുയോജ്യമായിട്ടുള്ള വിവരങ്ങൾ ശേഖരിക്കുവാനുള്ള സ്വാതന്ത്ര്യം ഓരോ രജിസ്ട്രാർക്കുമുണ്ട്. എന്നാൽ ഇതിന് ഏകീകൃത സ്വഭാവം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ മാത്രം ശേഖരിക്കുവാൻ മറ്റ് രജിസ്ട്രാർമാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രകാരം ഒരു വ്യക്തിയുമായി ബന്ധപ്പെട്ട എത്ര വിഷയങ്ങളാണ് ശേഖരിക്കുന്നത്; അവ ഏതെല്ലാം?

(സി) ആധാർ നമ്പർ ലഭിക്കുന്നതിനു വേണ്ടി 7 വിവരങ്ങളും സംസ്ഥാന സർക്കാരിനു വേണ്ടി 15 ഓളം വിവരങ്ങളും ശേഖരിക്കുന്നുണ്ട്.

<u>ആധാർ ലഭിക്കുന്നതിനായി ശേഖരിക്കുന്ന വിവരങ്ങൾ (KYR)</u>

1. പേര്
2. ജനനതീയതിയും വയസ്സും
3. പുരുഷനോ സ്ത്രീയോ
4. അച്ഛൻ / അമ്മ / ഭാര്യ /

ഭർത്താവ് / രക്ഷകർത്താവിന്റെ പേര്

5. തിരിച്ചറിയൽ രേഖയും മേൽവിലാസം തെളിയിക്കുന്ന രേഖയും ലഭ്യമല്ലാത്തവർക്ക് പരിചയപ്പെടുത്തുന്നയാളിന്റെ പേരും അധാർ നമ്പറും.
6. പൂർണ്ണമായ മേൽവിലാസം
7. ഫോൺ/ ഇ-മെയിൽ ലഭ്യമെങ്കിൽ അതിന്റെ വിവരം

<u>സംസ്ഥാന സർക്കാരിനു വേണ്ടി ശേഖരിക്കുന്ന വിവരങ്ങൾ (KYR +)</u>

1. വൈവാഹിക അവസ്ഥ
2. കാറ്റഗറി - ജനറൽ / എസ്.സി / എസ്.ടി / ഒ.ബി.സി /മറ്റുള്ളവർ
3. ഉയർന്ന വിദ്യാഭ്യാസ യോഗ്യത
4. വീട് - സ്വന്തം / വാടക / മറ്റുള്ളവ
5. ശാരീരിക വൈകല്യം ഉണ്ടോ? എങ്കിൽ എത്ര ശതമാനം?
6. ജോലി - ഗവ / പ്രൈവറ്റ് / സ്വയം / കൃഷി / ബിസിനസ്
7. ഡ്രൈവിംഗ് ലൈസൻസ് നമ്പർ
8. ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നമ്പർ
9. ബാങ്ക് അക്കൗണ്ട് നമ്പർ , ബ്രാഞ്ച്
10. എൽ.പി.ജി കണക്ഷൻ ഉണ്ടോ? എങ്കിൽ നമ്പർ
11. റേഷൻ കാർഡ് ഉണ്ടോ? എങ്കിൽ നമ്പർ
12. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നമ്പർ
13. തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ നമ്പർ
14. പാസ്പോർട്ട് നമ്പർ
15. ആരോഗ്യ ഇൻഷ്വറൻസ് നമ്പർ

(signature)

സെക്ഷൻ ഓഫീസർ